Devadas

# മുയൽ വളർത്തൽ

KERALA AGRICULTURAL UNIVERSITY
CENTRAL LIBRARY

തയ്യാറാക്കിയത്:

ഡോ. കെ. അനിൽ കുമാർ
ഡോ. എ. പി. ഉഷ
ഡോ. സി. എൻ. ദിനേഷ്
ഡോ. ബിന്ദ്യ ലിസ്സ് എബ്രാഹം
ഡോ. കെ. അല്ലി
വെറ്ററിനറി കോളേജ്, പൂക്കോട്

RECEIVED AS GRATIS

FROM.....Dr.....V.....S.......Devadas.

.........................................................

NAIP

കേരള കാർഷിക സർവ്വകലാശാല
ദേശീയ കാർഷിക നവോത്ഥാന പദ്ധതി
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട് ജില്ല

KAU LIBRARY
809149
IR-636.089 ANI/MU

മലയാളം

**മുയൽ വളർത്തൽ**

കോപ്പികൾ : 500

മാർച്ച് 2011

*പ്രസിദ്ധീകരണം*

ഡോ. പി. വി. ബാലചന്ദ്രൻ
ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ
കേരള കാർഷിക സർവ്വകലാശാല
മണ്ണുത്തി - 680 651

*അച്ചടി*

കേരള കാർഷിക സർവ്വകലാശാല പ്രസ്
മണ്ണുത്തി

©കേരള കാർഷിക സർവ്വകലാശാല

809149

KERALA AGRICULTURAL UNIVERSITY THRISSUR K.A.U. (P.O.)
CENTRAL LIBRARY

KAUP 30/500/11/2011

# മുയൽ വളർത്തലിലെ സാധ്യതകൾ

മുയലുകളുടെ പ്രധാന സവിശേഷത അതിന്റെ ഉയർന്ന പ്രത്യുൽപ്പാദന ശേഷിയാണ്. ചിലയിനം മുയലുകൾക്ക് അതിന്റെ ശരിയായ പരിചരണം നൽകുകയാണെങ്കിൽ വർഷത്തിൽ 60-ഓളം കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയും. കേരളത്തിന്റെ സാഹചര്യങ്ങളിൽ ഇത് വർഷത്തിൽ 30-40 മുയൽക്കുഞ്ഞുങ്ങളാണ്. കുറഞ്ഞ ഗർഭകാലം (30 ദിവസം മാത്രം). ഓരോ പ്രസവത്തിലും 4-10 കുഞ്ഞുങ്ങൾ കുറഞ്ഞകാലയളവിനുള്ളിൽ പ്രായപൂർത്തിയാകൽ (5 മാസം) എന്നിവ മുയലുകളുടെ പ്രത്യേകതയാണ്.

മുയലുകൾക്ക് ഉയർന്ന വളർച്ചാനിരക്കുണ്ട്. ശരിയായ പരിചരണവും തീറ്റയും ലഭിച്ചാൽ 8 ആഴ്ചയിൽ 1.75 കിലോ ഭാരവുമുണ്ടാകും. ഇറച്ചിക്കായി കശാപ്പ് ചെയ്യാൻ ഏറ്റവും ഉത്തമമായത് മുയലിന് 2.5-3 കിലോ തൂക്കമുള്ളപ്പോഴാണ് ഇത് 12 - 14 ആഴ്ചയിൽ കൈവരിക്കാനാകും. ശരീരഭാരത്തിന്റെ 10 മുതൽ 15 ഇരട്ടിവരെ മാംസം ഉത്പാദിപ്പിക്കാൻ കഴിയുന്ന ഒരോയൊരു വളർത്തുമൃഗം മുയലാണ്.

മുയലുകളുടെ ഇറച്ചി ഉത്പാദിപ്പിക്കാനുള്ള കഴിവിനെ ഒരു ചെമ്മരിയാടിന്റെ ഇറച്ചി ഉത്പാദനവുമായി താരതമ്യപ്പെടുത്തി നോക്കാം. 70 കിലോ ഭാരമുള്ള ചെമ്മരിയാട് വർഷത്തിൽ 20 കിലോ ഇറച്ചി ഉത്പാദിപ്പിക്കുമ്പോൾ 4.5 കി.മാത്രം ഭാരമുള്ള പെൺമുയൽ 75 കിലോ. ഇറച്ചി ഉത്പാദിപ്പിക്കും.

മുയലിറച്ചിക്കുമുണ്ട് വളരെയധികം സവിശേഷതകൾ. ഒരു മുയലിനെ കശാപ്പ് ചെയ്യുമ്പോൾ അതിന്റെ ശരീരഭാഗത്തിന്റെ 50 മുതൽ 60% വരെ ഇറച്ചിയാക്കാം. മുയലിറച്ചിയെ വെള്ള മാംസമായി പരിഗണിക്കുന്നു. എളുപ്പം ദഹിക്കുന്നതും ഉയർന്ന പോഷകമൂല്യവുമുള്ളതാണ്. മുയലിന്റെ ഇറച്ചി അതിന്റെ കൊഴുപ്പിന്റേയും കൊളസ്ട്രോളിന്റേയും അളവ് വളരെ കുറവാണ്. മാംസ്യത്തിന്റെ അളവാകട്ടെ വളരെ കൂടുതലും.

മുയലുകളുടെ മറ്റൊരു സവിശേഷത അതിന്റെ ഉയർന്ന തീറ്റ പരിവർത്തന ശേഷിയാണ്. (3.5:1) മാത്രമല്ല, മനുഷ്യന് ഭക്ഷണയോഗ്യമല്ലാത്ത പുല്ല്, ഇലകൾ എന്നിവ ഭക്ഷിച്ച് മനുഷ്യന് ഉപയോഗിക്കാൻ കഴിയുന്ന ഉയർന്ന പോഷകഗുണമുള്ള മാംസ്യമായി മാറ്റുന്നു. മുയലുകൾക്ക് അത് ഭക്ഷിക്കുന്ന മാംസത്തിന്റെ 20% ഉം മാംസമായി മാറ്റാൻ കഴിയുന്നു. ഇറച്ചിക്കോഴികൾ മാത്രമേ ഇക്കാര്യത്തിൽ മുയലുകളെ കവച്ചുവെയ്ക്കുന്നുള്ളു.

ഉയർന്ന തീറ്റ പരിവർത്തനശേഷിയുള്ള കോഴികളും, ടർക്കി കോഴികളും തീറ്റയുടെ കാര്യത്തിൽ മനുഷ്യരുമായി മത്സരിക്കുന്നു. മൂന്നുകൂട്ടർക്കും ധാന്യങ്ങളും പയറുവർഗ്ഗങ്ങളും അത്യാവശ്യമാണല്ലോ. മാത്രമല്ല, കോഴികൾക്ക് പുല്ലും ഇലയും അധികം തീറ്റയായി നൽകാനും കഴിയില്ല. അതുകൊണ്ട് മിച്ചധാന്യശേഖരമില്ലാത്ത ദരിദ്ര രാജ്യങ്ങളിൽ വ്യവസായിക അടിസ്ഥാനത്തിൽ കോഴി വളർത്തൽ കഴിയുകയില്ല. എന്നാൽ മുയലുകളെ പുല്ലും ഇലകളും മാത്രം തീറ്റയായി നൽകി വളർത്താനാകും. അതുകൊണ്ട് തന്നെ പല ആഫ്രിക്കൻ രാജ്യങ്ങളിലും മുയൽ വളർത്തലിന് വളരെ പ്രചാരം ലഭിക്കുന്നുണ്ട്. ഈ കാര്യങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ മുയലുകളുടെ തീറ്റ പരിവർത്തനശേഷി കോഴി, ടർക്കി കോഴി, പന്നി എന്നിവയ്ക്കും മുകളിലാണെന്ന് വരുന്നു.

സസ്യലതാദികൾ കൊണ്ട് അനുഗ്രഹീതമായ കേരളം മുയൽ വളർത്തലിന് അനുയോജ്യമാണെന്ന് വിലയിരുത്തപ്പെടുന്നു. മുയലുകൾക്ക് വ്യത്യസ്ഥ പരിതസ്ഥിതികളിൽ ഇണങ്ങിച്ചേരാനുള്ള കഴിവുണ്ട്. അതുകൊണ്ട് തന്നെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അത് കാണപ്പെടുന്നു.

മുയലുകളെ പ്രധാനമായും മാംസം, ഓമനമൃഗം, പരീക്ഷണമൃഗം, രോമം, തുവൽ എന്നീ ആവശ്യങ്ങൾക്കായി വളർത്തുന്നു. മുയലുകളുടെ ചർമ്മം കൊണ്ട് ഉടുപ്പുകൾ, ചെരിപ്പുകൾ, കയ്യുറകൾ, കളിപ്പാട്ടങ്ങൾ, രോമക്കുപ്പായങ്ങൾ എന്നിവ നിർമ്മിക്കാം.

മുയലുകൾ ശാന്തസ്വഭാവമുള്ള മൃഗങ്ങൾ ആയതുകൊണ്ട് സ്ത്രീകൾക്കും വൃദ്ധജനങ്ങൾക്കും, കുട്ടികൾക്കും എളുപ്പം പരിപാലിക്കാവുന്നതാണ്. മുയൽവളർത്തലിന് മുതൽ മുടക്ക് കുറവാണ്. ഷെഡ്ഡ്, കൂട് എന്നിവയുടെ നിർമ്മാണ ചെലവ്, മുയലിന്റേയും തീറ്റയുടേയും വില എന്നിവ മറ്റു രംഗങ്ങളെ അപേക്ഷിച്ച് കുറവാണ്. അതുകൊണ്ട് ദരിദ്ര ജനവിഭാഗങ്ങൾക്കും ചെറുകിട കർഷകർക്കും അവരുടെ വരുമാന ഉപാധിയായി ഇറച്ചിമുയൽ സംരംഭത്തിലേർപ്പെടാവുന്നതാണ്. മുയലുകളെ അടുക്കളമുറ്റത്ത് ചെറിയ യൂണിറ്റുകളായി വളർത്താം. കർഷകന്റെ സ്വന്തം ആവശ്യങ്ങൾക്കായി അതിനെ ഉപയോഗിക്കാം. സ്വന്തം ഗ്രാമത്തിലോ അയൽ ഗ്രാമങ്ങളിലോ മുയലിന് വിപണി കണ്ടെത്താം. അടുക്കളമുറ്റത്ത് വളർത്തുന്ന ഇറച്ചി മുയലുകളെ കർഷകന്റെ ഗൃഹത്തിലെ ബയോളജിക്കൽ റെഫ്രിജറേഷൻ എന്ന് വിശേഷിപ്പിക്കാറുണ്ട്.

ഓരോ ജനുസ്സിലും വ്യത്യസ്ഥ ജനുസ്സുകൾ തമ്മിലും മുയലുകളിൽ വലിയ ജനിതക വൈവിധ്യമുണ്ട്. ഈ വൈവിധ്യം അവയുടെ വളർച്ചാനിരക്ക്, പ്രത്യുൽപ്പാദന ശേഷി, രോഗപ്രതിരോധ ശേഷി, മാതൃത്വ സ്വഭാവം, ഉത്പാദന ഗുണങ്ങൾ എന്നിവയിൽ കാണാം. ഇത് പ്രജനനത്തിനുള്ള ആൺപെൺ മുയലുകളുടെ തെരഞ്ഞെടുപ്പിന് വളരെയധികം സഹായകരമാണ്.

# മുയൽ വളർത്തലിലെ പരിമിതികൾ

1970-കളിൽ ആണ് ഇന്ത്യയിൽ ഇറച്ചിമുയൽ വളർത്തലിന് ഒരു ശാസ്ത്രീയ അടിത്തറയുണ്ടാകുന്നത്. 1978-79 -ൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഇറച്ചിക്കും രോമത്തിനുമായി വിദേശ ഇനം മുയലുകളെ ഇംഗ്ലണ്ട്, റഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു. എങ്കിലും സാധാരണ കർഷകരുടെ ഇടയിൽ മുയൽ വളർത്തലിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. പ്രത്യേകിച്ചും വടക്കെ ഇന്ത്യയിൽ. എന്നാൽ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, ആന്ധ്ര പ്രദേശ്, കർണ്ണാടക, ചില വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ കുറച്ചെങ്കിലും പ്രചാരം ലഭിച്ചിട്ടുണ്ട്. ഇറച്ചിമുയൽ വളർത്തലിന് വലിയൊരു ഭാവിയുണ്ടെങ്കിലും, കർഷകർ ഈ രംഗത്തേക്ക് വരാൻ മടിച്ചുനിൽക്കുന്നതിന് പല കാരണങ്ങളുമുണ്ട്.

നല്ലയിനം മുയൽക്കുഞ്ഞുങ്ങളുടെ ദൗർബല്യമാണ് അതിൽ പ്രധാന കാരണം. കേരളത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെറ്ററിനറി കോളേജുകളിലും പ്രാദേശിക കാർഷികകേന്ദ്രങ്ങളിലുമുള്ള മുയൽ ഫാമുകളിൽ നിന്നുള്ള മുയൽ കുഞ്ഞുങ്ങളുടെ ലഭ്യത വളരെ പരിമിതമാണ്. കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. അതുകൊണ്ട് തന്നെ ഈ രംഗത്തേക്ക് പുതുതായി കടന്നുവരുന്ന കർഷകർക്ക് സ്വകാര്യഫാമുകളെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു. പലപ്പോഴും മുയൽ കുഞ്ഞുങ്ങൾക്ക് കൂടിയ വില നൽകേണ്ടതായും വരുന്നു.

ഓമനത്തം തുളുമ്പുന്ന മുയലുകളെ കശാപ്പ് ചെയ്യാനുള്ള മടിയാണ് ഈ മേഖലയുടെ വളർച്ചക്ക് വിഘാതം സൃഷ്ടിക്കുന്ന മറ്റൊരു ഘടകം. ഓമന മൃഗമായി കണ്ടുവരുന്ന മുയലുകളെ ഇറച്ചിക്കായി കൊല്ലുന്നത് വലിയൊരു വിഭാഗം ജനങ്ങൾക്കും സങ്കൽപ്പിക്കാൻ തന്നെ കഴിയുകയില്ല. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത് തന്നെയാണ് സ്ഥിതി.

മുയലിനും മുയലിറച്ചിക്കും ഒരു വ്യക്തമായ വിപണിയില്ലാത്തത് പല കർഷകരേയും പിന്നോട്ട് വലിക്കുന്നു. ഇന്ന് നഗരങ്ങളിലെ വൻകിട ഹോട്ടലുകളിലായി മുയലിറച്ചിയുടെ വിപണി ചുരുങ്ങി നിൽക്കുന്നു. മുയൽ വളർത്തലിന് ഗ്രാമങ്ങളിൽ വളരെ പ്രചാരം ലഭിച്ചിട്ടില്ല. അടുത്തിടെ ഈ സ്ഥിതിക്ക് മാറ്റം സംഭവിച്ചു തുടങ്ങിയിട്ടുണ്ട്. മുയൽവളർത്തലിനെക്കുറിച്ച് ശാസ്ത്രീയമായ അറിവില്ലായ്മയാണ് കർഷകരെ കുഴയ്ക്കുന്ന മറ്റൊരു പ്രശ്നം. പാർപ്പിടം, കൂട്, തീറ്റ, പ്രജനനം, പരിപാലനം, പ്രത്യുൽപ്പാദനം, കുഞ്ഞുങ്ങളുടെ സംരക്ഷണം രോഗനിയന്ത്രണം എന്നീ

കാര്യങ്ങളിൽ ശാസ്ത്രീയമായ അറിവുണ്ടെങ്കിൽ മാത്രമെ മുയൽവളർത്തലിൽ വിജയിക്കാനാകൂ. മുയൽ വളർത്തലിലെ ഒരു പ്രധാന ഉൽപ്പന്നം ഇറച്ചിയാണെങ്കിലും അതിന്റെ ചർമ്മവും രോമവും പ്രധാന ഉപോത്പന്നങ്ങളാണ്. ചർമ്മത്തിനും രോമത്തിനും കേരളത്തിൽ സംസ്ക്കരണമോ ഉപയോഗമോ ഇല്ലാത്തതുമൂലം ഇവ വെറും പാഴ് വസ്തുക്കളായി നശിപ്പിച്ചുകളയുകയാണ്.

മുയൽവളർത്തുന്നവർക്ക് പ്രോത്സാഹനം നൽകുന്ന സർക്കാർ പദ്ധതികളുടെ അഭാവമാണ് മറ്റൊരു കാരണം. പശു വളർത്തൽ, ആടു വളർത്തൽ കോഴി വളർത്തൽ, പന്നിവളർത്തൽ, തീറ്റപ്പുല്ല് വളർത്തൽ എന്നീ മൃഗസംരക്ഷണ മേഖലകളിലാകട്ടെ, പലപ്പോഴായും സർക്കാർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇറച്ചി മുയൽ രംഗത്ത് സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. മുയൽ വളർത്തൽ രംഗത്ത് വന്നിട്ടുള്ള കള്ളനാണയങ്ങളാണ് ഇന്ന് മുയൽവളർത്തുന്നവർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. വലിയ വലിയ വാഗ്ദാനങ്ങൾ നൽകി വളരെ ഉയർന്ന വിലക്ക് മുയലുകളെ കർഷകർക്ക് വിതരണം ചെയ്യുന്ന ഇവർ അതിനുശേഷം വലിയ വിലക്ക് തിരിച്ചെടുക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. പലപ്പോഴും ഇത്തരം ഏജൻസികൾ നൽകുന്നത് പരീക്ഷണ മുയലുകളെയോ അവയുടെ സങ്കര ഇനങ്ങളെയോ ആണ്. അതിനാൽ തന്നെ ഈ മുയലുകൾക്ക് വളർച്ചയും കുറവായിരിക്കും.

### പാർപ്പിടം

മുയലുകളുടെ പാർപ്പിടം ക്രമീകരിക്കുമ്പോൾ, പ്രകൃതിയിലെ അവയുടെ മാളങ്ങളുടെ സവിശേഷതകളും, സുരക്ഷിതത്വവും പ്രദാനം ചെയ്യുവാൻ ശ്രദ്ധിക്കണം. മുയലുകളുടെ പാർപ്പിടത്തിൽ നാലു കാര്യങ്ങൾ പ്രധാനമാണ്. ഷെഡ്ഡിനുള്ളിലെ അന്തരീക്ഷ ഊഷ്മാവ്, വായുസഞ്ചാരം, ഈർപ്പം, വെളിച്ചം.

ഇറച്ചിമുയലുകളെ 40 ഡിഗ്രി സെൽഷ്യസ് വരെ ചൂടുള്ള സ്ഥലങ്ങളിൽ വളർത്താമെങ്കിലും ആ സ്ഥലങ്ങളിലും ഷെഡ്ഡിനുള്ളിലെ ചൂട് 32 -33 ഡിഗ്രി സെൽഷ്യസിൽ കൂടാതെ നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. മേൽക്കൂരയായി ഓലയോ, വൈക്കോലോ ഉപയോഗിക്കുന്നത് ചൂട് കുറയ്ക്കാൻ സഹായിക്കും. അല്ലെങ്കിൽ പനമ്പ് കൊണ്ട് ഫാൾസ് സീലിംഗ് ഇടുകയും ചെയ്യാം. ചൂട് കുറയ്ക്കാൻ തണൽ മരങ്ങളും സഹായിക്കും.

ഷെഡ്ഡിനുള്ളിലെ അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. 60-65% ഈർപ്പമാണ് ഏറ്റവും അഭികാമ്യം. അന്തരീക്ഷത്തിലെ താപനിലയിലും ഈർപ്പത്തിന്റെ അളവിലുമുണ്ടാകുന്ന മാറ്റങ്ങൾ പ്രതികൂലമായി ബാധിക്കുന്നത് ദഹനേന്ദ്രിയ, ശ്വസനേന്ദ്രിയ വ്യവസ്ഥകളെ ആണ്.

ഷെഡ്ഡിനുള്ളിൽ നല്ല വായുസഞ്ചാരമുണ്ടായിരിക്കണം. ഷെഡ്ഡിനുള്ളിലെ അശുദ്ധവായുവിനേയും, മുയലുകളുടെ നിശ്വാസത്തിലുള്ള കാർബൺഡൈഓക്സയിഡ് വാതകത്തേയും, ഈർപ്പത്തേയും, മുയലിന്റെ കാഷ്ഠത്തിൽ നിന്നും മൂത്രത്തിൽനിന്നും ബഹിർഗമിക്കുന്ന അമോണിയ വാതകത്തേയും പുറംതള്ളാൻ നല്ല വായുസഞ്ചാരം ആവശ്യമാണ്. മുയലിന്റെ വിസർജ്ജ്യങ്ങൾ ദിവസത്തിൽ ഒരു തവണയെങ്കിലും മാറ്റി ഷെഡ്ഡിന്റെ തറ വൃത്തിയാക്കുന്നത് അമോണിയയുടെ ഉത്പാദനത്തെ കുറയ്ക്കുന്നു.

ഷെഡ്ഡിന്റെ തറയിൽ ഉറച്ച മണ്ണാണ് നല്ലത്. 2-3 ആഴ്ച കൂടുമ്പോൾ, മുയൽക്കൂടിന്റെ നേരെ അടിയിലുള്ള മണ്ണ് ചെത്തിമാറ്റി പുതിയ മണ്ണിട്ടാൽ മതിയാകും. (തറ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യമില്ല.)

മുയൽ ഷെഡ്ഡിനുള്ളിൽ 16 മണിക്കൂർ വെളിച്ചമുണ്ടായിരിക്കണം. *ഷെഡ്ഡിനുള്ളിൽ 3-40 ലക്സ് വെളിച്ചം ഉണ്ടായിരിക്കണം.* 100 വാട്ട് ബൾബുകൾ അല്ലെങ്കിൽ 40 വാട്ട് ഫ്ളൂറസെന്റ് ട്യൂബുകൾ 3 മീറ്റർ അകലത്തിൽ തറയിൽ നിന്നും 2 മീറ്റർ ഉയരത്തിൽ ക്രമീകരിച്ചാൽ ആവശ്യമുള്ള വെളിച്ചം ഷെഡ്ഡിൽ ലഭിക്കുന്നതാണ്. 24 മണിക്കൂർ തുടർച്ചയായി വെളിച്ചം നൽകിയാൽ അത് മുയൽക്കുഞ്ഞുങ്ങളെ പ്രതികൂലമായി ബാധിക്കും.

**മുയൽക്കൂട്**

**സാധാരണയായി മുയൽക്കൂട് രണ്ടുതരമുണ്ട്.**

**1. ഹച്ചുകൾ:**

ഇതിന് 60-70 സെ. മീ നീളം, 80-100 സെ.മീ. വീതി, 50-60 സെമീ. ഉയരം ഉണ്ടായിരിക്കും. മേൽക്കൂരയുള്ള ഇത്തരം കൂടുകൾ എടുത്തുമാറ്റാവുന്നവയാണ്. അടുക്കള മുറ്റത്ത് ചെറിയ മുയൽ യൂണിറ്റുകൾ വളർത്താൻ ഇതുപകരിക്കും.

**2. കമ്പിവലക്കൂട്:**

വ്യത്യസ്ത തരത്തിലുള്ള മുയലുകൾക്ക് ആവശ്യമായ കൂടുകൾ താഴെ കൊടുക്കുന്നു.

ആൺമുയൽ (മുതിർന്നത്) - 60 സെ.മീ. നീളം, 60 സെ. മീ. വീതി, 45 സെ.മീ. ഉയരം

പെൺമുയൽ (മുതിർന്നത്) - 70 സെ.മീ. നീളം, 60 സെ. മീ. വീതി, 45 സെ.മീ. ഉയരം

പ്രസവിക്കാനുള്ള കൂട് - 90 സെ.മീ. നീളം, 60 സെ. മീ. വീതി, 50 സെ.മീ. ഉയരം

കോളനിക്കൂട് - 120 സെ.മീ. നീളം, 90 സെ. മീ. വീതി, 45-50 സെ.മീ. ഉയരം

ഒരു കോളനിക്കൂടിൽ 8 മുയലുകളെ ഇറച്ചിക്കായി ഒരുമിച്ച് വളർത്താവുന്നതാണ്. അതായത് ഒരു മുയലിന് ഒന്നര ചതുരശ്ര അടി എന്ന തോതിൽ. 12 ഗേജ് കമ്പിവലകൾ ഉപയോഗിക്കണം. കൂടിന്റെ അടി ഭാഗത്തുള്ള കമ്പിവലയ്ക്ക് 1 സെ.മീ. x 1 സെ.മീ. കണ്ണിവലിപ്പവും വശങ്ങളിലെ കമ്പിവലയുടെ കണ്ണിക്ക് 2.5 സെ.മീ. x 2.5 സെ.മീ. വരെയും ആകാം. മുയലുകളുടെ മൂത്രത്തിനാൽ കമ്പിവലകൾ എളുപ്പം ദ്രവിക്കുന്നത് കൊണ്ട് സിൽവർ പെയ്ന്റ് കൊണ്ട് വർഷത്തിലൊരിക്കൽ പെയ്ന്റ് ചെയ്യുന്നത് നല്ലതാണ്.

കൂടുകൾ ഉണ്ടാക്കാൻ മരത്തടി, മുള എന്നിവയും ഉപയോഗിക്കാം. ഈ കൂടുകൾ വൃത്തിയാക്കാൻ ബുദ്ധിമുട്ടുള്ളവയും, വേഗം നശിച്ചുപോകുന്നവയുമാണ്.

കൂടുകൾ ഷെഡ്ഡുകൾക്കുള്ളിൽ ഒരു നിലയായോ, രണ്ടു നിലയായോ നിരത്തിവെയ്ക്കാവുന്നതാണ്.

രണ്ട് നിലകളിലായി കൂടുകൾ ക്രമീകരിക്കുമ്പോൾ അവയ്ക്കിടയിൽ തകരത്തിന്റെ ഷീറ്റുകൾ, ഫ്ളെക്സ് ഷീറ്റുകൾ എന്നിവ വെയ്ക്കണം. മുകളിലത്തെ നിലയിലുള്ള കൂടുകളിലെ മുയലിന്റെ വിസർജ്ജ്യങ്ങൾ ശേഖരിക്കുന്നതിനാണിത്. കൂടുകൾക്കിടയിലുള്ള വായുസഞ്ചാരവും ശുചിത്വവും ഉറപ്പാക്കണം. ഒരു നിലയുള്ള കൂടുകളുടെ അടിഭാഗം തറനിരപ്പിൽനിന്നും 70-75 സെ. മീ. ഉയരത്തിലാവണം.

ചെലവുകുറഞ്ഞ കൂടുകൾ നിർമ്മിക്കാൻ അതാതു സ്ഥലങ്ങളിൽ ലഭിക്കുന്ന വസ്തുക്കൾ തെരഞ്ഞെടുക്കാം. കൂടുകൾ മേൽക്കൂരയിൽനിന്നും കെട്ടിയിടുന്ന രീതി ചെലവു കുറയ്ക്കാൻ ഉപകരിക്കും. മുയൽക്കുഞ്ഞുങ്ങളെ ഡീപ്പ് ലിറ്റർ സമ്പ്രദായത്തിൽ വളർത്തുന്ന രീതിയും നിലവിലുണ്ട്. ഷെഡ്ഡിന്റെ തറയിൽ ഒരിഞ്ച് കനത്തിൽ ലിറ്റർ വിരിച്ച് അതിലേക്ക് മുയലുകളെ തുറന്നുവിടുന്നതാണ് ഈ രീതി. ഇടയ്ക്കിടെ കൂടുതൽ ലിറ്റർ ഇട്ടുകൊടുക്കണം. കൂടുതൽ നനഞ്ഞ ഭാഗത്തെ ലിറ്റർ വാരിക്കളയണം. മരപ്പൊടിയോ, മരത്തിന്റെ ചീളുകളോ ലിറ്ററിനായി ഉപയോഗിക്കാം.

കൂടിനുള്ളിൽ വെള്ളപാത്രം, തീറ്റപാത്രം എന്നിവ ക്രമീകരിക്കണം. മാത്രമല്ല, പ്രസവമടുക്കുമ്പോൾ പ്രസവപ്പെട്ടി (നെസ്റ്റ് ബോക്സ്) കൂട്ടിനുള്ളിൽ വെച്ചുകൊടുക്കണം.

**മുയൽതീറ്റ**

മുയലിന്റെ തീറ്റയുടെ 40 % പരുഷതീറ്റയും 60% ഖര തീറ്റയുമാണ്. പിണ്ണാക്ക് ധാന്യങ്ങൾ, ധാന്യാവശിഷ്ടങ്ങൾ മുതലായവയാണ് ഖരതീറ്റ. വൃക്ഷയിലകൾ, പുല്ല് മുതലായവ പരുഷാഹാരമാണ്. ഖരത്തീറ്റ മാത്രം നൽകി വളർത്തുന്ന ബ്രോയിലർ കോഴികൾ 1.8 കിലോ തീറ്റ കൊണ്ട് ഒരു കിലോ ഗ്രാം. ശരീരതൂക്കം ഉൽപ്പാദിപ്പിക്കുന്നു. മുയലുകൾക്ക് 3 കിലോ

## മുയലുകളുടെ പ്രജനനം

ജനിതകവും ശാരീരികവുമായ സവിശേഷതകൾ അടിസ്ഥാനപ്പെടുത്തി ആൺമുയലുകളേയും പെൺമുയലുകളേയും തിരഞ്ഞെടുത്ത് വ്യക്തമായ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഇണചേർത്ത് കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന പ്രക്രിയയാണ് പ്രജനനം. ഇറച്ചിമുയൽ വളർത്തലിൽ പ്രജനനത്തിനുള്ള ആൺമുയലുകളേയും പെൺമുയലുകളേയും തിരഞ്ഞെടുക്കുന്നത്, അവയുടെ ഉത്പാദന ശേഷിയുടെ അടിസ്ഥാനത്തിലാണ്. ഈ ഉത്പാദന ശേഷി നിജപ്പെടുത്തുന്നത് അവയുടെ സാമ്പത്തിക മൂല്യമുള്ള സ്വഭാവങ്ങളെ *അടിസ്ഥാനമാക്കിയാണ്.*

മുയലുകളിലെ സാമ്പത്തിക മൂല്യമുള്ള സ്വഭാവങ്ങളാണ് മുയൽ വളർത്തലിനെ ലാഭകരമാക്കുന്നത്. അവ താഴെ പറയുന്നവയാണ്.

1. ജനനസമയത്തെ കുട്ടികളുടെ എണ്ണം

   കൂടുതൽ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നത് കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നു. അതിനാൽ ജനനസമയത്തെ മുയൽ കുഞ്ഞുങ്ങളുടെ എണ്ണം, പ്രജനനത്തിന് മുയലിനെ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കുന്ന ഒരു സ്വഭാവമാണ്. അതുപോലെ പ്രാധാന്യമുള്ളതാണ് ജീവനോടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം. എട്ട് ജീവനുള്ള കുഞ്ഞുങ്ങളെയാണ് നാം പ്രതീക്ഷിക്കുന്നത്.

2. ജനനസമയത്ത് ഓരോ മുയൽക്കുഞ്ഞിനും 40 ഗ്രാമിനും 60 ഗ്രാമിനുമിടയിൽ തൂക്കമുണ്ടാകും. കൂടുതൽ മുയൽക്കുഞ്ഞുങ്ങളെ പ്രസവിച്ചിട്ടുണ്ടെങ്കിൽ അവയുടെ ശരീരഭാരം കുറയാൻ ഇടയുണ്ട്. അതുകൊണ്ട് ഒരു പ്രസവത്തിലെ മൊത്തം കുഞ്ഞുങ്ങളുടെ ജനനസമയത്തുള്ള ശരീരഭാരം കണക്കാക്കുന്നതാണ് കൂടുതൽ അഭികാമ്യം. നല്ല മുയലുകൾക്ക് ഇത് ഏകദേശം 350 ഗ്രാമിനടുത്ത് വരണം.

3. ഒരു പ്രസവത്തിലെ മുയൽ കുഞ്ഞുങ്ങളുടെ 21-ാം ദിവസത്തിലെ മൊത്തത്തിലുള്ള ശരീരഭാരം, അവയുടെ തള്ളമുയലിന്റെ മാതൃഗുണത്തിനെ സൂചിപ്പിക്കുന്നു. എല്ലാ കുഞ്ഞുങ്ങൾക്കും കൂടി ഇത് രണ്ട് കിലോഗ്രാമിലധികവും, ഓരോ കുഞ്ഞിനും ഏകദേശം 350 ഗ്രാമും ഉണ്ടായിരിക്കണം.

4. ജനിച്ചുവീഴുന്ന മുയൽ കുഞ്ഞുങ്ങളുടെ എണ്ണത്തേക്കാൾ പ്രധാനപ്പെട്ടതാണ് തള്ളയിൽ നിന്നും വേർപിരിക്കുന്ന സമയത്തെ കുഞ്ഞുങ്ങളുടെ എണ്ണം. ആ സമയത്ത് 6 മുയൽ കുഞ്ഞുങ്ങൾ ഉണ്ടായിരിക്കണം.

5. *സാധാരണയായി* 30 *ദിവസത്തിനും* 45 *ദിവസത്തിനും* ഇടയിലാണ് മുയൽ കുഞ്ഞുങ്ങളെ തള്ളയിൽ നിന്നും വേർപ്പെടുത്താറുള്ളത്. നാലാഴ്ച പ്രായത്തിൽ 500 ഗ്രാം തൂക്കവും എല്ലാ കുഞ്ഞുങ്ങൾക്കും കൂടി 3 കിലോഗ്രാമിൽ കൂടുതൽ ഭാരമുണ്ടായിരിക്കണം.

6. ശരീര വളർച്ച

മുയൽ കുഞ്ഞുങ്ങളിൽ ഏറ്റവും കൂടുതൽ വളർച്ച പ്രകടിപ്പിക്കുന്ന മുയൽ കുഞ്ഞുങ്ങളെയാണ് പ്രജനനത്തിന് തിരഞ്ഞെടുക്കേണ്ട ത്. ഓരോ പ്രസവത്തിലെ കുഞ്ഞുങ്ങളിൽ നിന്നും ഏററവും ഭാരം കൂടിയതിനെയായിരിക്കണം ഇപ്രകാരം തിരഞ്ഞെടുക്കേണ്ടത്.

7. തനതു ജനുസ്സുകളുടെ എല്ലാ സ്വഭാവ സവിശേഷതകളും അട ങ്ങിയവയെ മാത്രമേ പ്രജനനത്തിന് എടുക്കാറുള്ളു. അവയ്ക്ക് ശരീര വൈകല്യങ്ങളോ, ജനിതക തകരാറുകളോ ഉണ്ടാകരുത്.

മേൽ വിവരിച്ച സ്വഭാവ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് മുയലുകളെ പ്രജനനത്തിനായി തിരഞ്ഞെടുക്കുന്നത്. പെൺമുയലുകളെ ഏകദേശം 2 കിലോഗ്രാം തൂക്കം വരുമ്പോഴാണ് തിരഞ്ഞെടുക്കുന്നത്. അവ യുടേയോ അവയുടെ മാതാവിന്റേയോ സഹോദരിമാരുടെയോ സ്വഭാവ വിശേഷങ്ങളാവും തിരഞ്ഞെടുപ്പിന് അടിസ്ഥാനം. ആൺമുയലുകളെ തിര ഞ്ഞെടുക്കുമ്പോൾ കൂടുതൽ പ്രാധാന്യം അവയുടെ മാതാവിന്റേയും സഹോദരിമാരുടേയും സ്വഭാവങ്ങൾക്കായിരിക്കും.

ഒരു പ്രസവത്തിലെ മുയൽ കുഞ്ഞുങ്ങളിൽ നിന്നും സാധാരണ യായി ഒന്നിൽക്കൂടുതൽ മുയലുകളെ പ്രജനനത്തിനായി എടുക്കാറില്ല. അന്തഃപ്രജനനം വഴി ഉൽപ്പാദനക്ഷമത കുറയുന്നത് ഒഴിവാക്കാനാണ് ഈ നടപടി. കഴിയുന്നതും ഒരേ തലമുറയിൽ പെട മുയലുകളെയാണ് പ്രജനനത്തിനുപയോഗിക്കാറ്.

**ഇണചേരൽ**

ആൺമുയലുകളുടെ കൂട്ടിൽ പെൺ

മുയലുകളെ ഇട്ടിട്ടാണ് ഇണചേർക്കുന്നത്. സാധാരണയായി ആൺ പെൺ അനുപാതം മൊത്തം മുയലുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. പത്തു പെൺമുയലിന് ഒരാൺ മുയൽ എന്നതാണ് സാധാരണ ചെറിയ മുയൽ വളർത്തൽ യൂണിറ്റുകളിലെ അനുപാതം. എന്നാൽ രണ്ടാൺ മുയ ലെങ്കിലും ഉണ്ടാകുന്നതാണ് നല്ലത്. വലിയ ഫാമുകളിൽ ആൺ മുയലു കളെ 25 പെൺമുയലിനൊന്ന് എന്ന രീതിയിലാണ് ഉപയോഗിക്കാറ്.

ഓരോ ആൺമുയലിനേയും ആഴ്ചയിൽ 5 തവണയിൽ കൂടുതൽ ഉപയോഗിക്കരുത്. ഒരു ദിവസത്തിൽ രണ്ടുപ്രാവശ്യം ഉപയോഗിക്കാം. ആൺ മുയലിന്റെ കുഞ്ഞുങ്ങൾക്ക് പ്രായപൂർത്തിയായി ഇണ ചേരാൻ തയ്യാറാകുമ്പോഴേക്കും ആൺ മുയലിനെ മാറ്റുന്നതാണ് നല്ലത്. ഇങ്ങനെ വർഷംതോറും ആൺ മുയലിനെ മാറ്റേണ്ടി വരും. ഇവയെ മറ്റു കർഷക രുമായി വെച്ചു മാറിയാൽ ഒരു വർഷം കൂടി ഉപയോഗിക്കാം.

പെൺമുയലിനെ മാറ്റുന്നത് അതിന്റെ കുഞ്ഞുങ്ങളുടെ എണ്ണത്തിലോ, ഗുണത്തിലോ കുറവുണ്ടാകുമ്പോഴാണ്. വർഷത്തിൽ 5 പ്രസവം നൽകുന്ന മുയലുകളെ രണ്ടുവർഷം ഉപയോഗിക്കാമെന്ന് കണ്ടിട്ടുണ്ട്. പക്ഷെ ഭക്ഷണവും പരിപാലനമുറകളും ഇതിൽ പ്രാധാന്യമർഹിക്കുന്നു.

ഇണചേർക്കാനായി പെൺമുയലിനെ ആൺമുയലിന്റെ കൂട്ടിലേക്കിട്ടാൽ ആൺമുയൽ ഉടനെത്തന്നെ ഇണ ചേരാൻ ശ്രമിക്കുന്നു. പെൺമുയലും സന്നദ്ധമാണെങ്കിൽ നിമിഷങ്ങൾക്കകം ഇണചേരൽ നടന്നുകഴിയും. ശരിയായ രീതിയിലുള്ള ഇണ ചേരൽ നടന്നാൽ ആൺമുയൽ പെൺമുയലിന്റെ പുറത്തുനിന്നും താഴെ വീഴുന്നു. അതിനുശേഷം വീണ്ടും ഇണ ചേർക്കേണ്ട കാര്യമില്ല. എന്നാൽ ചില കർഷകർ ഒരു ദിവസം മുഴുവൻ പെൺമുയലിനെ ആൺ മുയലിന്റെ കൂട്ടിൽ ഇടാറുണ്ട്. യാതൊരു കാരണവശാലും അതിലും കൂടുതൽ സമയം അവയെ ഒരുമിച്ച് പാർപ്പിക്കരുത്.

ആൺമുയലിന്റെ കൂട്ടിലിട്ട പെൺമുയൽ ഇണചേരാൻ സന്നദ്ധമല്ലെങ്കിൽ ഉടൻതന്നെ അതിനെ കൂട്ടിൽ നിന്നും മാറ്റണം. അടുത്ത ദിവസം വീണ്ടും ശ്രമിക്കാം. സാധാരണ രീതിയിൽ അടുപ്പിച്ച് രണ്ട്ദിവസത്തിൽ കൂടുതൽ മുയലുകൾ ഇണചേരാതിരിക്കില്ല. എന്നാൽ ചില പെൺമുയലുകൾക്ക് ചില ആൺമുയലുകളെ സ്വീകാര്യമായിരിക്കില്ല. അത്തരം സന്ദർഭങ്ങളിൽ വേറെ ആൺമുയലിനെ ഉപയോഗിക്കേണ്ടിവരും.

ഇണ ചേർത്ത ദിവസം, ഇണചേർത്ത മുയലുകളുടെ വിവരങ്ങൾ എന്നിവ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തണം. പ്രസവ തിയ്യതി അതനുസരിച്ച് കണക്കാക്കാം. ഓരോ മുയലിന്റേയും പ്രജനന ചരിത്രവും രേഖപ്പെടുത്തണം. ഇണചേർത്ത തിയ്യതി, പ്രസവങ്ങളിലെ കുട്ടികളുടെ എണ്ണം, അവയുടെ ശരീരഭാരം, തള്ളയിൽനിന്നും വേർപിരിക്കുമ്പോഴുള്ള കുട്ടികളുടെ എണ്ണം, അപ്പോഴുള്ള അവയുടെ ശരീരഭാരം, എന്നിവയെല്ലാം പെൺ മുയലിന്റെ പ്രജനന ചരിത്രത്തിൽ രേഖപ്പെടുത്തണം. ആൺമുയലിനെ സംബന്ധിച്ച പ്രജനന ചരിത്രത്തിലും ഇണചേർന്ന പെൺമുയലുകളുടെ വിവരങ്ങളും അവയുടെ പ്രസവത്തിന്റെ വിവരങ്ങളും ഉൾക്കൊള്ളിക്കണം. ഇങ്ങനെയുള്ള രേഖകൾ ലഭ്യമാണെങ്കിൽ മാത്രമെ മുയലുകളെ പ്രജനനത്തിനായി തിരഞ്ഞെടുക്കാൻ കഴിയൂ.

**മുയലുകളുടെ ആരോഗ്യം**

മൃഗസംരക്ഷണ മേഖലയിലെ ഏതൊരു സംരംഭത്തേയും പോലെ മുയൽ വളർത്തലിലും ഏററവും ശ്രദ്ധിക്കേണ്ടത് മുയലുകളുടെ ആരോഗ്യസംരക്ഷണത്തിലാണ്. പ്രതിരോധമാണ് ചികിത്സയേക്കാൾ പ്രധാനം എന്ന ആപ്തവാക്യം ഇവിടേയും പൂർണ്ണമായും അർത്ഥവത്താണ്. അതിനാൽ ആരോഗ്യത്തെക്കുറിച്ച് കർഷകരുടെ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. അതിനുള്ള അടിസ്ഥാന തത്വങ്ങളാണ് താഴെ പറയുന്നത്.



809149

CENTRAL LIBRARY
UNIVERSITY
KERALA AGRICULTURAL UNIVERSITY

മുയൽ വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ ദിവസവും രണ്ടു നേരം അവരുടെ കൈവശമുള്ള എല്ലാ മുയലുകളേയും നിരീക്ഷിക്കണം. രാവിലേയും വൈകുന്നേരവും നിരീക്ഷിക്കുന്നതിലൂടെ മുയലുകളുടെ ആരോഗ്യത്തെക്കുറിച്ച് അവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. സാധാരണയിൽ നിന്നുള്ള വ്യതിയാനങ്ങളെ തിരിച്ചറിയണം. മുയലിനെ വളർത്തുന്ന കർഷകന് മുയലുകളിൽ സാധാരണയായി കാണുന്ന രോഗങ്ങൾ തിരിച്ചറിഞ്ഞാൽ മാത്രമേ പെട്ടെന്നുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

മുയലുകൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ ഒന്നും തന്നെ കേരളത്തിൽ ശുപാർശ ചെയ്തിട്ടില്ല. ഇതിനുള്ള പ്രധാന കാരണം മുയൽ വ്യവസായത്തിൽ കൂടുതൽ നഷ്ടമുണ്ടാക്കുന്ന വൈറസ് മൂലമുള്ള രോഗങ്ങൾ കേരളത്തിൽ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതാണ്. ഇവിടുത്തെ മുയലുകളിൽ പ്രധാനപ്പെട്ട അസുഖങ്ങളെല്ലാം തന്നെ ചികിത്സിച്ച് മാറ്റാൻ സാധ്യമാണ്. അതിനാൽ പ്രതിരോധ കുത്തിവെയ്പുകൾ മുയലുകളിൽ ശുപാർശ ചെയ്യുന്നില്ല.

മുയലുകൾ ചെറിയ ജീവികളായതിനാൽ അവയുടെ ശരീരത്തിൽ പോഷകവസ്തുക്കളുടേയും, ധാതുലവണങ്ങളുടേയും ശേഖരമില്ല. അതുകൊണ്ടുതന്നെ ഭക്ഷണമില്ലാതെ വന്നാൽ മുയലുകൾ പെട്ടെന്ന് ക്ഷീണിച്ച് തളർന്ന് ചത്തുപോകാൻ ഇടയുണ്ട്. രോഗങ്ങൾ കണ്ടുപിടിച്ച് വിലയിരുത്തി ചികിത്സിക്കേണ്ടിവരുന്നതിന്റെ പ്രാധാന്യം ഇവിടെയാണ്. ഒന്നോ രണ്ടോ ദിവസം ആഹാരമില്ലാതിരുന്നാൽ മുയലുകൾക്ക് പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ രോഗം ബാധിച്ച മുയലുകൾക്ക് പെട്ടെന്നുതന്നെ ചികിത്സ ലഭ്യമാക്കുവാൻ സാധിക്കണം.

പൊതുവായി പറഞ്ഞാൽ ആരോഗ്യമുള്ള മുയലുകൾക്ക് രോഗങ്ങളെ പ്രതിരോധിക്കാനുള്ള കഴിവ് കൂടുതലായിരിക്കും. അതിനാൽ അത്തരം മുയലുകൾക്ക് പകർച്ച വ്യാധികളിൽ നിന്നും പലപ്പോഴും രക്ഷപ്പെടാൻ സാധിക്കും. അതുകൂടാതെ ആരോഗ്യമുള്ള മുയലുകൾ അവയെ കൈകാര്യം ചെയ്യുന്നവരുടെ ആരോഗ്യത്തേയും ഹാനികരമായി ബാധിക്കുന്നില്ല. അവയുടെ വളർച്ചാ നിരക്കും ഉത്പാദന ശേഷിയും രോഗമുള്ള മുയലുകളേക്കാൾ കൂടുതലായിരിക്കും. അതിനാൽ മുയലുകൾ എപ്പോഴും ആരോഗ്യമുള്ളതായിരിക്കുവാൻ ശ്രദ്ധിക്കണം.

പൊതുവെ പറഞ്ഞാൽ മുയലുകൾ വളരെ ഊർജ്ജസ്വലരായ ജീവികളാണ്. അവ എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. അവയുടെ ശരീരം കാണാൻ ഭംഗിയുള്ളതും വളരെ സന്തുലിതവുമായിരിക്കും. ഇതിൽ നിന്നും വിഭിന്നമായ ശരീരപ്രകൃതി മുയലുകളുടെ രോഗത്തെ സൂചി

പ്പിക്കുന്നു. പല തരത്തിലുള്ള വ്യത്യാസങ്ങൾ ശരീര പ്രകൃതിയിൽ കാണാറുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് ശരീരത്തിന്റെ സന്തുലിതപ്രകൃതി നഷ്ടപ്പെടുന്ന സ്ഥിതിയാണ്. അത്തരം മുയലുകളെ പെട്ടെന്ന് തിരിച്ചറിയാൻ സാധ്യമാണ്.

ഉന്തിയ വയറും, ശോഷിച്ച കൈകാലുകളും, ശരീരത്തിൽ മുഴകളും, അസ്വാഭാവികമായ കൈകാലുകളുടെ സ്ഥിതിയും രോഗങ്ങളെ സൂചിപ്പിക്കുന്നു. ഇത്തരം മുയലുകളെ കാണാൻ ചന്തമുണ്ടായിരിക്കുകയില്ല. ശരീരപ്രകൃതി തന്നെ അവയുടെ ആരോഗ്യമില്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു. ശോഷിച്ച ശരീരവും ശരീരാവയവങ്ങളും രോഗത്തിന്റെ ലക്ഷണങ്ങളാണ്. പൊതുവായി പറയുമ്പോൾ സാധാരണയിൽ നിന്നും വിഭിന്നമായ എല്ലാ ശരീരപ്രകൃതിയും രോഗലക്ഷണങ്ങളാകാൻ സാദ്ധ്യതയുണ്ട്.

മുയലുകളുടെ സ്വാഭാവികമായ ചലനങ്ങളെക്കുറിച്ചറിഞ്ഞാൽ മാത്രമേ അസ്വാഭാവികമായ അവസ്ഥയെ തിരിച്ചറിയാൻ പറ്റുകയുള്ളു. അതിനാൽ മുയലുകളുടെ ചലനങ്ങളും അവയുടെ പ്രത്യേകതകളെക്കുറിച്ചും അറിയണം. സാധാരണ ഒതുക്കമുള്ള കൂട്ടിലിടുന്ന മുയലുകൾക്ക് സ്വാഭാവികമായ എല്ലാ തരത്തിലുള്ള ചലനങ്ങൾക്കും സ്ഥലമില്ല. എന്നാൽ ഡിപ്പ് ലിറ്റർ രീതിയിൽ വളർത്തുന്ന മുയലുകൾക്ക് കുറേക്കൂടി സ്വാതന്ത്ര്യമുണ്ട്. മുയലുകളെ ഇണചേർത്തുന്ന സമയത്തുള്ള ചലനങ്ങളും സ്വാഭാവിക ചലനത്തിൽ നിന്നും വ്യത്യസ്ഥമാണ്.

പൊതുവായി പറഞ്ഞാൽ കൂട്ടിനുള്ളിൽ സ്വതന്ത്രരായി ചലിക്കുന്ന മുയലുകൾക്ക് രോഗമുണ്ടാകാനുള്ള സാധ്യത കുറവാണ്. എന്നാൽ സാധാരണ രീതിയിൽ നിന്നും വിഭിന്നമായി കൂട്ടിനുള്ളിൽ ഉത്തേജിതമായി ഓടി നടക്കുന്ന മുയലുകൾ പ്രകടിപ്പിക്കുന്നത് രോഗലക്ഷണമാകാം. അതുപോലെത്തന്നെ കൂട്ടിനുള്ളിൽ ഒന്നിലും ശ്രദ്ധയില്ലാതെ ഒതുങ്ങിക്കഴിയുന്ന മുയലുകളും രോഗബാധിതരാകാം. കൂട്ടമായി വളർത്തുന്ന മുയലുകളാണെങ്കിൽ അവയ്ക്ക് കൂടിന്റെ അറ്റത്ത് ഒതുങ്ങിക്കൂടാനുള്ള പ്രവണത രോഗലക്ഷണമാണ്.

രോഗബാധിതരായ മുയലുകൾ കാണിക്കുന്ന മറ്റൊരു ലക്ഷണം അതിന്റെ തന്നെ രോമങ്ങൾ പറിച്ചുതിന്നുന്നതാണ്. ചില മുയലുകൾ കൂട്ടത്തിലുള്ള മറ്റ് മുയലുകളെ കടിച്ച് അവയുടെ മാംസവുംഭക്ഷിക്കാൻ ശ്രമിക്കാറുണ്ട്. ചിലപ്പോൾ ചെറിയ മുയലുകളെ തിന്നുപോകാനും മതി. ചില മുയലുകൾ പ്രത്യേകിച്ചും ഡിപ്പ് ലിറ്റർ രീതിയിൽ വളർത്തുന്നവ ലിറ്റർ വസ്തുക്കളും, അചേതനമായ വസ്തുക്കളും, മറ്റു ചിലപ്പോൾ അതിന്റെ തന്നെ കാഷ്ഠവും ഭക്ഷിക്കുന്നത് കാണാറുണ്ട്. ഇതും പലപ്പോഴും രോഗലക്ഷണങ്ങളാണ്.

ഒരുമിച്ച് പാർപ്പിക്കുന്ന മുയലുകൾ ചിലപ്പോൾ കടികൂടാറുണ്ട്. ഇത് പലപ്പോഴും രോഗലക്ഷണമല്ല. പ്രത്യേകിച്ചും ആൺമുയലുകൾ ഏകദേശം 2-2.5 കി.ഗ്രാം തൂക്കമെത്തുമ്പോഴേക്കും പരസ്പരം ആക്രമിച്ചുതുടങ്ങും. അതിനാൽ ഡീപ്പ് ലിറ്റർ രീതിയിൽ ആൺമുയലുകളെ വളർത്തിയാൽ അവ കടികൂടുവാൻ തുടങ്ങുമ്പോൾ തന്നെ അവയെ ഇറച്ചിക്കായി വിൽക്കേണ്ടതാണ്.

മുയലുകളിൽ കണ്ടുവരുന്ന പ്രധാന രോഗലക്ഷണം അവയുടെ ശരീര സ്ഥിതിയാണ്, രീതിയിലാണ്. സ്വാഭാവികമായ രീതിയിൽ നിന്നും വിഭിന്നമായ ഏതൊരു ശരീരസ്ഥിതിയും രോഗലക്ഷണമാകാം. ചില മുയലുകൾ കഴുത്ത് ചെരിച്ച് കിടക്കുന്നതും, ചിലപ്പോൾ ഒരു കാലിൽ മാത്രം ഭാരം കൊടുക്കുന്നതും മറ്റ് ചിലപ്പോൾ ആകാശത്തോട്ട് തല ചെരിച്ചുപിടിക്കുന്നതുമെല്ലാം രോഗലക്ഷണങ്ങളാണ്. ഇത്തരം മുയലുകളെ ഉടൻ തന്നെ കൂട്ടത്തിൽ നിന്നും മാറ്റി പ്രത്യേക ശ്രദ്ധ നൽകി പരിചരിക്കേണ്ടതാണ്. പലപ്പോഴും ഇവ രോഗം ബാധിച്ചവയാകും.

ചില മുയലുകൾക്ക് എല്ലിന് ഒടിവ് സംഭവിക്കാം. അതുണ്ടായാൽ ശരിയായ രീതിയിൽ എല്ല് കൂടിയിട്ടില്ലെങ്കിൽ ഇത്തരത്തിലുള്ള അസ്വാഭാവികമായ ശരീരസ്ഥിതി ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഇത്തരം മുയലുകളെ ഒഴിവാക്കുന്നത് നല്ലതാണ്.

കണ്ണിൽനിന്നും, മൂക്കിൽ നിന്നുമുള്ള സ്രവങ്ങൾ മറ്റൊരു രോഗലക്ഷണമാണ്. ആരോഗ്യമുള്ള മുയലുകൾക്ക് ഇത്തരത്തിലുള്ള സ്രവങ്ങൾ ഉണ്ടാകില്ല. പലതരത്തിലുള്ള സ്രവങ്ങൾ മുയലുകൾക്കുണ്ടാകാം. ഇവയെ പഴുപ്പുമായി ബന്ധപ്പെട്ടവയായും, ചോരയുമായി ബന്ധപ്പെട്ടവയായും വളരെ സുതാര്യമായതായും തരംതിരിക്കാം. മലദ്വാരത്തിൽ നിന്നും ചെവിയിൽ നിന്നുമുള്ള സ്രവങ്ങൾ രോഗലക്ഷണങ്ങളാകാം.

മറ്റൊരു രോഗലക്ഷണം ശരീര താപനിലയിലെ വ്യതിയാനമാണ്. ആരോഗ്യമുള്ള മുയലുകൾക്ക് ശരീര താപനില 39 ഡിഗ്രി സെൽഷ്യസ് ആയിരിക്കും. ഇതിൽനിന്നും കാര്യമായ വ്യതിയാനങ്ങൾ രോഗലക്ഷണങ്ങളാകാം. ഇവയെ പെട്ടെന്നുതന്നെ ചികിത്സിക്കേണ്ടതാണ്. മുയലുകളിൽ ശ്വാസോച്ഛ്വാസ നിരക്ക് ഒരു മിനിട്ടിൽ 35 നും 60നും ഇടയിലാണ്. ഇതിൽ കൂടുതൽ കിതപ്പും ശ്വാസോച്ഛ്വാസവും രോഗലക്ഷണങ്ങളാകാം. മുയലുകളുടെ നാഡിമിടിപ്പ് മിനിട്ടിൽ 140നും 180 നും ഇടയിലാണ്. ഇതിൽ കൂടുതൽ കാണുന്നതും രോഗലക്ഷണമാണ്.

മുയലുകൾ തുടർച്ചയായി ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടുന്ന ജീവികളാണ്. ഇടയ്ക്കിടെ പുല്ലും മറ്റു ഭക്ഷണങ്ങളും കഴിച്ചുകൊണ്ടിരിക്കുന്നതാണ് സ്വാഭാവികമായ രീതി. ഇതിൽ നിന്നും വിഭിന്നമായി ഭക്ഷണത്തിനുള്ള വൈമുഖ്യം മുയലുകളിലെ രോഗത്തെ കാണിക്കുന്നു. മറ്റു മൃഗങ്ങളെപ്പോലെ തന്നെ മുയലിനും ആദ്യത്തെ രോഗലക്ഷണമായി കണക്കാക്കുന്നത് ഭക്ഷണത്തിനോടുള്ള താല്പര്യമില്ലായ്മയാണ്.

മിനുസമുള്ളതും തിളങ്ങുന്നതുമായ ചർമ്മവും രോമവും മുയലുകളുടെ പ്രത്യേകതയാണ്. ഇതിൽ വിഭിന്നമായി പരുപരുത്ത രോമങ്ങളും ചർമ്മവും രോഗലക്ഷണമാണ്. രോമങ്ങൾ കുത്തനെ നിൽക്കുന്നതും, ചില സ്ഥലങ്ങളിൽ നിന്നും മാത്രം കൊഴിഞ്ഞുപോകുന്നതും രോഗലക്ഷണമാണ്. വർഷത്തിലൊരിക്കൽ ശരീരത്തിൽ രോമങ്ങൾ പൊഴിഞ്ഞ് പുതിയ രോമങ്ങൾ വരുന്നതായി കാണുന്നുണ്ട്. ഇത് രോഗലക്ഷണമല്ല. പ്രായത്തിനനുസരിച്ചല്ലാത്ത അഥവാ പതിവിലും കുറഞ്ഞ ശരീരഭാരം മുയലുകളുടെ രോഗലക്ഷണമാണ്. അത്തരം മുയലുകളിൽ ശ്രദ്ധ പതിപ്പിച്ച് ശരീരഭാരം ഉയർത്താനുള്ള നടപടികൾ അനിവാര്യമാണ്. പെട്ടെന്നുള്ള ഭാരക്കുറവ് മുയലുകളിൽ രോഗങ്ങളെയാണ് കാണിക്കുന്നത്. ഇവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകി രോഗം കണ്ടുപിടിക്കുന്നത് വരെ മാറ്റിപ്പാർപ്പിക്കുന്നതാണ് നല്ലത്.

മുയലുകൾക്ക് രോഗബാധ സംശയിച്ചാൽ ആദ്യനടപടിയായി അവയെ കൂട്ടത്തിൽ നിന്നും മാറ്റി പാർപ്പിക്കണം. ഇത്തരം മുയലുകളെ രോഗം മാറുന്നതുവരെ മറ്റു മുയലുകളുമായി സമ്പർക്കത്തിലേർപ്പെടാൻ അനുവദിക്കരുത്. മറ്റു സ്ഥലങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന മുയലുകളേയും ഇത്തരത്തിൽ 10 ദിവസമെങ്കിലും മാറ്റിപ്പാർപ്പിക്കണം. മറ്റു സ്ഥലങ്ങളിൽ നിന്നും രോഗങ്ങൾ നമ്മുടെ മുയലുകൾക്ക് കിട്ടാതിരിക്കാനുള്ള ഒരു പ്രതിരോധ നടപടിയാണിത്.

ആരോഗ്യമുള്ള മുയലുകളുടെ കാഷ്ഠം മണിരൂപത്തിലാണ്. ഇതിൽ ഭിന്നമായി പശപോലെയോ, വെള്ളം പോലെയോ മുയൽ കാഷ്ഠം കണ്ടാൽ രോഗലക്ഷണമായ കണക്കാക്കാം. ഇത്തരം മുയലുകളുടെ കാഷ്ഠം ഉടൻതന്നെ പരിശോധിക്കണം. സൂക്ഷ്മ ദർശിനിയിലൂടെയുള്ള പഠനം പരാദങ്ങളുടെ സ്വഭാവവിശേഷം അറിയിക്കും. മുയലുകളുടെ മൂത്രത്തിൽ ചുമന്ന നിറമോ പഴുപ്പോ കാണുന്നതും രോഗലക്ഷണമാണ്. ഇത് കൂടാതെ കാഷ്ഠത്തിൽ രക്തമോ, രക്തത്തിന്റെ അംശമോ കണ്ടാലും മുയലുകളിൽ രോഗബാധ സംശയിക്കണം. കാഷ്ഠത്തിന്റെ കൂടെയുള്ള കഫവും പഴുപ്പും രോഗബാധയെ കാണിക്കുന്നു. ശരീരത്തിന്റെ അടിവശത്തോ, മലദ്വാരത്തിനു ചുറ്റുമോ കാഷ്ഠം പറ്റിപ്പിടിച്ചിരിക്കുന്നത് വയറിളക്കത്തിന്റെ സൂചനയാണ്.

മേൽ വിവരിച്ച വിവിധ സൂചകങ്ങളെ അടിസ്ഥാനമാക്കി മുയലുകൾ ആരോഗ്യമുള്ളവയാണോ എന്ന് തീരുമാനിക്കാം.

**മുയലുകളിലെ രോഗലക്ഷണങ്ങൾ**

മുയലുകൾ താരതമ്യേന വളരെ ചെറിയ ജീവികളായതിനാൽ രോഗം ബാധിച്ചാൽ ഒന്നുരണ്ടു ദിവസത്തിനകം ചത്തുപോകാൻ ഇടയുണ്ട്. അതിനാൽ മുയൽ വളർത്തുന്നവർക്ക് മുയലുകളുടെ രോഗമേതാണെന്ന് മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും ഏതോ രോഗമുണ്ട് എന്നത്

മനസ്സിലാക്കാൻ സാധിക്കണം. അതായത് രോഗലക്ഷണങ്ങൾ തിരിച്ചറിയാൻ പഠിക്കണം. ഇത്തരത്തിൽ മുയലുകൾക്ക് രോഗമുണ്ടെന്ന് മനസ്സിലായാൽ ഉടൻതന്നെ രോഗം ബാധിച്ച മുയലുകളെ മാറ്റിപ്പാർപ്പിക്കാനും, അതുവഴി രോഗങ്ങളുടെ വ്യാപനം വലിയൊരളവുവരെ തടയാനും സാധിക്കുന്നു. അതിലുപരിയായി രോഗങ്ങളുടെ ആരംഭദിശയിൽ തന്നെ മരുന്ന് കൃത്യമായ മാത്രയിൽ നൽകിയാൽ മുയലിൽ കാണുന്ന മിക്ക രോഗങ്ങളും ഭേദമാകും.

സാധാരണ പെരുമാറ്റ രീതിയിൽനിന്നും ശരീരപ്രകൃതിയിൽ നിന്നുള്ള മാറ്റങ്ങളാണ് മുയലുകളുടെ രോഗലക്ഷണങ്ങളായി കണക്കാക്കുന്നത്. ഇത്തരത്തിലുള്ള മാറ്റങ്ങളെ ദിവസവുമുള്ള സൂക്ഷ്മ നിരീക്ഷണത്തിലൂടെ മുയൽ വളർത്തുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. സാധാരണയിൽ നിന്നും വ്യത്യാസപ്പെട്ട പല പെരുമാറ്റങ്ങളും, സാധാരണയിൽ നിന്നും വ്യത്യാസപ്പെട്ട രോഗങ്ങളുടെ ലക്ഷണങ്ങളാണ്. ഇവ തിരിച്ചറിയണമെങ്കിൽ ഏതൊക്കെയാണ് സാധാരണ രീതിയിലുള്ള പെരുമാറ്റങ്ങളെന്ന് മനസ്സിലാക്കണം. മുയലുകളെ വളർത്തുന്നവർ അവയെ ദിവസവും നിരീക്ഷിക്കുന്നതിലൂടെ ഇത് സാധ്യമാകും.

മുയലുകളിലെ രോഗലക്ഷണങ്ങളിൽ ഏറ്റവും എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുന്നത് അതിന്റെ ചലനവുമായി ബന്ധപ്പെട്ടവയാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് മനസ്സിലാക്കാൻ എളുപ്പമാണ്. രോഗം ബാധിച്ച മുയലുകൾ ഉദാസീനരായി കൂടിന്റെ മൂലകളിൽ ഒതുങ്ങിക്കൂടുന്നു. അവയുടെ ചലനങ്ങൾ നിയന്ത്രിതവും പതുക്കെയുമായിരിക്കും. പലപ്പോഴും കൂടിന്റെ പുറത്തുനിന്നുള്ള പ്രകോപനങ്ങൾ പോലും അവ ശ്രദ്ധിക്കാതെ പോകും. ഇതിനു വിപരീതമായി ചില രോഗങ്ങൾ ബാധിച്ച മുയലുകൾ കൂടിനുള്ളിൽ വിശ്രമമില്ലാതെ ഓടി നടക്കുന്നതായി കാണാറുണ്ട്. പെട്ടെന്ന് പ്രകോപിതരാകുന്ന ഇത്തരം മുയലുകൾക്ക് രോഗലക്ഷണങ്ങളാണ് എന്ന് മനസ്സിലാക്കണം. സാധാരണയിൽ നിന്നും വ്യത്യസ്ഥമായ മറ്റുചലനങ്ങളും രോഗലക്ഷണങ്ങളുമാണ്. ചില മുയലുകൾ വികൃതമായ രീതിയിൽ തലയും കഴുത്തും ചരിച്ച് പിടിക്കുന്നതും രോഗലക്ഷണങ്ങളാണ്. കൈകൾക്കോ കാലുകൾക്കോ ഉള്ള ചലനശേഷിയുടെ കുറവും രോഗലക്ഷണങ്ങളായി കണക്കാക്കാം.

തീറ്റയോടുള്ള വൈമുഖ്യവും മറ്റൊരു പ്രധാന രോഗലക്ഷണമാണ്. നൽകുന്ന ഭക്ഷണങ്ങൾ മുഴുവനായോ അല്ലെങ്കിൽ അതിൽ വലിയൊരു പങ്കോ ശേഷിക്കുന്നത് രോഗലക്ഷണമായി കണക്കാക്കാം. ഇതിനു കാരണം ഭക്ഷണത്തിന്റ കുഴപ്പമല്ല എന്നത് ഉറപ്പുവരുത്തണം. ചിലപ്പോൾ ഭക്ഷണത്തിലുണ്ടാകുന്ന പെട്ടെന്നുള്ള മാറ്റങ്ങളും തീറ്റയോടുള്ള വൈമുഖ്യത്തിന് കാരണമാകാം. അത് ഒരു രോഗലക്ഷണമായി തെറ്റിദ്ധരിക്കരുത്. ചില രോഗ

ങ്ങൾ ബാധിച്ച മുയലുകൾ ഫലരാഹാരങ്ങൾ ഭക്ഷിക്കാൻ വിമുഖത കാണിക്കും. മറ്റു ചിലവയാകട്ടെ പരുഷാഹാരങ്ങളോട് വിരക്തി കാണിക്കുന്നു. രണ്ടും രോഗലക്ഷണങ്ങളാണ്.മുയലുകളുടെ രോമവും ചർമ്മവും രോഗലക്ഷണങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു. ആരോഗ്യമുള്ള മുയലുകളിൽ വളരെ മൃദുവായ രോമങ്ങളായിരിക്കും. അവയുടെ ചർമ്മം മിനുസമുള്ളതും വളരെ ഇലാസ്തികവും ആയിരിക്കണം. എന്നാൽ രോഗബാധിതരായ മുയലുകൾക്ക് പലപ്പോഴും പരുപരുത്ത രോമങ്ങളും, കട്ടിയുള്ള ചർമ്മവും കാണാറുണ്ട്. ചർമ്മത്തിലുണ്ടാകുന്ന നിറവ്യത്യാസങ്ങളും വ്രണങ്ങളും രോഗലക്ഷണങ്ങളാണ്. കൂടാതെ രോഗബാധയുള്ള മുയലുകളിൽ രോമം കൂടുതലായി കൊഴിഞ്ഞുപോകാറുണ്ട്. ചിലപ്പോഴെങ്കിലും ശരീരത്തിലെ ചില ഭാഗങ്ങളിൽ നിന്നും മുഴുവനായും രോമങ്ങൾ നഷ്ടപ്പെടാം. ഇതെല്ലാം രോഗലക്ഷണങ്ങളാണ്.

രോഗനിർണ്ണയത്തിന് മുയലുകളുടെ കാഷ്ഠത്തിന്റെ പ്രത്യേകതകളും സഹായകമാകും. സാധാരണയായി ഖരാവസ്ഥയിൽ മണികളായിട്ടാണ് മുയൽ കാഷ്ഠിക്കുന്നത്. എന്നാൽ പേസ്റ്റുപോലെയോ ദ്രാവകരൂപത്തിലോ കാഷ്ഠം കണ്ടാൽ രോഗബാധ സംശയിക്കണം. വിസർജ്ജനദ്വാരത്തിനു ചുറ്റും കാഷ്ഠം പിടിച്ചിരിക്കുന്നതും രോഗലക്ഷണങ്ങളാണ്. മുയലുകൾ കാഷ്ടഭുക്കുകളാണ്, അതായത് പ്രഭാതസമയത്തെ മൃദുലമായ കാഷ്ഠമാണെങ്കിൽ അവ ഭക്ഷിക്കാറുണ്ട്. എന്നാൽ മറ്റുസമയങ്ങളിൽ കാഷ്ഠം ഭക്ഷിക്കുന്നത് രോഗലക്ഷണങ്ങളാണ്. കാഷ്ഠത്തിൽ കഫമോ, ചോരയോ കണ്ടാൽ രോഗബാധ സംശയിക്കണം.

ശരീരത്തിലെ നവദ്വാരങ്ങളിൽ നിന്നുമുള്ള ശ്രവങ്ങൾ രോഗലക്ഷണങ്ങളാണ്. കണ്ണിൽ നിന്നും വെള്ളം വരുന്നതും, പഴുപ്പ് കാണുന്നതും മുയലുകളിൽ രോഗലക്ഷണങ്ങളാണ്. ചെവിയിൽ വെളുത്ത വസ്തുക്കളോ പൊററയോ, പഴുപ്പോ കാണുന്നത് രോഗലക്ഷണങ്ങളെ സൂചിപ്പിക്കുന്നു. കണ്ണിന്റെ വശങ്ങളിൽ നനഞ്ഞുകാണുന്നതും രോഗലക്ഷണങ്ങളാണ്.

ഉന്തിയ വയറും പരുപരുത്ത രോമങ്ങളും രോഗലക്ഷണങ്ങളാണ്. അതുപോലെ വളരെ ശോഷിച്ച ശരീരപ്രകൃതിയും രോഗങ്ങളെ സൂചിപ്പിക്കുന്നു. ശരീരത്തിൽ കാണുന്ന മുഴകളും വ്രണങ്ങളും രോഗലക്ഷണങ്ങളാണ്. പൂർണ്ണവളർച്ചയെത്തിയ മുയലുകൾ ഏകദേശം സ്ഥിരമായ ശരീരഭാരം നിലനിർത്തണം. പെൺമുയലുകൾക്ക് പ്രസവാനന്തരം അൽപം ശോഷണം ഉണ്ടായാലും, കുട്ടികളെ വേർപ്പെടുത്തിക്കഴിഞ്ഞാൽ അത് പൂർവ്വസ്ഥിതി പ്രാപിക്കും. ഇതിൽനിന്നും വ്യത്യസ്തമായി പെട്ടെന്നുണ്ടാകുന്ന ശരീരഭാര നഷ്ടം രോഗങ്ങളെ കാണിക്കുന്നു.

കൂടിയ ശ്വാസോശ്വാസ വേഗതയും നാഡിയിടിപ്പും, കിതപ്പും രോഗങ്ങളെ കാണിക്കുന്നു. സാധാരണയായി മുയലുകളുടെ ശരീരോഷ്മാവ് 39 ഡിഗ്രി സെന്റി ഗ്രേഡാണ്. ഇതിൽ നിന്നും ഉയർന്ന ഊഷ്മാവ് രോഗലക്ഷണങ്ങളാണ്. രോഗബാധ സംശയിക്കുന്ന മുയലുകളുടെ നാഡീമിടിപ്പ് മിനിട്ടിൽ 150-ൽ കുടാൻ സാധ്യതയുണ്ട്.

ഇത്തരത്തിലുള്ള രോഗലക്ഷണങ്ങളുടെ തിരിച്ചറിവിലൂടെ മുയൽ വളർത്തലിൽ നഷ്ടം വരുന്നത് ഒഴിവാക്കാൻ സാധിക്കും. രോഗബാധ സംശയിക്കുന്ന മുയലുകളെ ഉടൻതന്നെ കൂട്ടത്തിൽ നിന്നും മാറ്റി ഒറ്റയ്ക്ക് പാർപ്പിക്കണം. അവയ്ക്ക് ഒരു മൃഗഡോക്ടറുടെ ചികിത്സ നൽകുന്നത് പലപ്പോഴും സാമ്പത്തികമായി നഷ്ടമാകാൻ ഇടയുണ്ട്. എന്നാൽ പകർച്ച വ്യാധികൾ സംശയിക്കുന്നുണ്ടെങ്കിൽ ഉടൻതന്നെ ഈ മേഖലയിൽ സമർത്ഥനായ മൃഗഡോക്ടറുടെ സഹായം തേടണം.

മുയലുകളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ചും അതിന്റെ ചികിത്സാ, പ്രതിരോധ നടപടികളെക്കുറിച്ചും ചുരുങ്ങിയ രീതിയിൽ പ്രതിപാദിക്കാം. പൊതുവെ പറഞ്ഞാൽ മുയലുകളിൽ രോഗങ്ങൾ കുറവാണ്.

**മുയലുകളുടെ രോഗങ്ങൾ**

**1. കുരലടപ്പൻ**

കന്നുകാലികളിൽ കണ്ടുവരുന്ന കുരലടപ്പനോട് സമാനമായ ഒരു രോഗം മുയലുകളിലും കണ്ടുവരുന്നു. മുയലുകളിൽ പെട്ടെന്നുള്ള മരണത്തിന്റെ മൂലഹേതു ഈ അസുഖമാണ്. പാസ്ച്ചുറെല്ല ഇനത്തിൽ പെട്ടതും ബാക്ടീരിയാ വർഗ്ഗത്തിൽ പെട്ടതുമായ രോഗാണുവാണ് കുരലടപ്പൻ രോഗത്തിന് കാരണം. അതിതീവ്രമായ രുപത്തിൽ ഈ രോഗം ബാധിച്ച മുയലുകൾ ഒരു ലക്ഷണവും കാണിക്കാതെ പെട്ടെന്ന് ചത്തുപോകുന്നു. ചിലപ്പോൾ മുയലുകൾ ഭക്ഷണം കഴിക്കാതെ കൂടിന്റെ മൂലകളിൽ ഒതുങ്ങിക്കൂടി ഒരു ദിവസത്തിനകം ചാവുന്നതായും കാണാറുണ്ട്. ഈ രണ്ടു രീതിയിലും കുരലടപ്പൻ മുയലുകളിൽ കാണുന്നു.

കുരലടപ്പൻ രോഗം ഉണ്ടാക്കുന്ന രോഗാണുക്കൾ അന്തരീക്ഷത്തിലും. ചുറ്റുപാടുകളിലും എന്തിനേറെ മുയലിന്റെ ശരീരത്തിൽ പോലും സാധാരണ നിരുപദ്രവകാരികളായി വസിക്കുന്നു. ഈ രോഗാണുക്കൾക്ക് രോഗമുണ്ടാക്കാൻ കഴിയുന്നത്, മുയലുകളുടെ പ്രതിരോധശേഷി കുറയുമ്പോഴോ അല്ലെങ്കിൽ മറ്റസുഖങ്ങൾ പിടിപെടുമ്പോഴോ ആണ്. കാലാവസ്ഥയിലെ പെട്ടെന്നുള്ള മാറ്റങ്ങളും ഈ രോഗമുണ്ടാകാൻ ഇടയാകുന്നു.

ആറോ ഏഴോ രീതികളിൽ പാസ്ച്ചുറെല്ലാ അണുക്കൾ മുയലുകളിൽ രോഗമുണ്ടാക്കാറുണ്ട്. മുക്കടപ്പിന്റെ രോഗത്തിലാണ് ചിലപ്പോൾ ഈ

രോഗാണുബാധ കാണാറുള്ളത്. അത്തരം മുയലുകൾക്ക് പനിയുമുണ്ടാകാം. അവ ക്ഷീണിതരായി ഭക്ഷണം കഴിക്കാതെ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ചത്തുപോകുന്നു. ന്യൂമോണിയ അഥവാ ശ്വാസകോശ വീക്കം, നേത്ര വൃതിയുടെ വീക്കം, ചെവിയുടെ മധ്യഭാഗത്തുള്ള പഴുപ്പ്, ശരീരത്തിലെ വിവിധ സ്ഥലങ്ങളിലെ പഴുപ്പുകൾ, ജനനേന്ദ്രിയങ്ങളിലെ വീക്കം എന്നിവയും ഈ രോഗാണുക്കൾ മൂലമുണ്ടാകാം.

പല ആന്റിബയോട്ടിക് ഔഷധങ്ങളും ഈ രോഗത്തിന് ഫലപ്രദമായി കണ്ടിട്ടുണ്ട്. വിദഗ്ധനായ മൃഗഡോക്ടറുടെ മേൽനോട്ടത്തിൽ കൃത്യമായ മാത്രയിൽ മരുന്നുകൾ കൃത്യസമയത്ത് നൽകിയാൽ ഈ രോഗത്തിൽ നിന്നും മുക്തി നേടാം. സൾഫാ ഇനത്തിലെ മരുന്നുകളാണ് ഏറ്റവും ഫലപ്രദമായി കണ്ടിട്ടുള്ളത്.

രോഗം വരാതിരിക്കാനുള്ള ഏറ്റവും നല്ല നടപടി പരിചരണമുറയിലെ പെട്ടെന്നുള്ള വ്യതിയാനങ്ങൾ ഒഴിവാക്കുകയാണ്. കാലാവസ്ഥയിൽ മാറ്റങ്ങൾ വരുമ്പോൾ മുയലുകളെ പ്രത്യേകം ശ്രദ്ധിക്കുകയും, രോഗം സംശയിച്ചാൽ ഉടൻതന്നെ പ്രതിരോധ നടപടിയായി മരുന്നുകൾ നൽകുകയും ചെയ്താൽ കുരലടപ്പൻ വഴിയുള്ള നഷ്ടം ഒഴിവാക്കാം. കുരലടപ്പനെതിരെയുള്ള പ്രതിരോധ മരുന്നുകൾ പാശ്ചാത്യരാജ്യങ്ങളിൽ ലഭ്യമാണെങ്കിലും ഇന്ത്യയിൽ അവ ഉപയോഗിക്കാറില്ല. പോഷകസമൃദ്ധമായ ഭക്ഷണവും, ശാസ്ത്രീയമായ പരിചരണ മുറകളും ഈ രോഗത്തെ ഒഴിവാക്കാൻ സഹായിക്കും.

### 2. രക്താതിസാരം

മുയലുകളിൽ കണ്ടുവരുന്ന ഒരു മാരകരോഗമാണ് രക്താതിസാരം. ചെറിയ പ്രായത്തിലുള്ള മുയലുകളെ ഈ രോഗം പെട്ടെന്ന് ബാധിക്കുമെങ്കിലും വലിയ മുയലുകളും ഈ രോഗത്തിൽ നിന്നും വിമുക്തരല്ല. ചോര കലർന്ന വളരെ അയഞ്ഞ കാഷ്ഠമാണ് ഈ രോഗത്തിന്റെ ഒരു ലക്ഷണം. രക്താതിസാരം മുയലുകളിൽ വരുത്തുന്നത് ഐമീരിയ എന്ന ഇനത്തിൽപ്പെട്ട പ്രോട്ടോസോവ വർഗ്ഗത്തിലെ രോഗാണുക്കളാണ്. രോഗം ബാധിച്ച മുയലുകളുടെ കാഷ്ഠത്തിൽ ഐമീരിയ രോഗാണുവിന്റെ മുട്ടകൾ കാണുന്നു. വളരെ പെട്ടെന്ന് പടർന്നുപിടിക്കുന്ന സ്വഭാവവും ഈ രോഗത്തിനുണ്ട്. വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയുമാണ് മുയലുകളിൽ രക്താതിസാരം പടർന്നു പിടിക്കുന്നത്. ചില മുയലുകൾക്ക് വളരെ നേരിയ തോതിൽ അണുബാധ ഉണ്ടാകാം. അത്തരം സാഹചര്യത്തിൽ മുയലുകൾക്ക് ഉന്തിയവയറും, പരുപരുത്ത രോമങ്ങളും കാണാറുണ്ട്. പരിചരണ രീതിയിലെ ചെറിയ മാറ്റങ്ങൾ പലതും ഇത്തരം മുയലുകളിൽ പെട്ടെന്ന് തന്നെ രക്താതിസാരത്തിന്റെ ലക്ഷണങ്ങൾ പുറത്ത് കൊണ്ടുവരുന്നു. എന്നാൽ കൂടുതൽ പ്രായമാകുന്ന ചില മുയലുകൾക്ക് ഈ രോഗ

ത്തിനെതിരെ പ്രതിരോധശക്തി കിട്ടുന്നതായി കണ്ടിട്ടുണ്ട്.

മുയലുകളിൽ ഈ രോഗബാധ കണ്ടുപിടിച്ചാൽ ഉടൻതന്നെ രോഗം വന്ന മുയലുകളേയും അവയുമൊത്ത് പാർപ്പിച്ചിരുന്ന മറ്റു മുയലുകളേയും പ്രത്യേക കൂട്ടിലാക്കണം. അതിനു ശേഷം അവക്ക് മരുന്നുകൾ നൽകണം. സൾഫാ ഇനത്തിൽപ്പെട്ട മരുന്നുകളാണ് രക്താതിസാരത്തിന് ഏറ്റവും അനുയോജ്യമായി കണ്ടിട്ടുള്ളത്. അതിനാൽ രോഗബാധ ഉള്ള മുയലുകൾക്കും അവയോടൊപ്പമുള്ളവയ്ക്കും ഓരോ കിലോഗ്രാം ശരീരഭാരത്തിനും 200 മില്ലിഗ്രാം എന്ന മാത്രയിൽ സൾഫാ ഡൈമിഡിൻ മരുന്ന് നൽകണം. മറ്റു ജീവികളിൽ രക്താതിസാരത്തിന്റെ ചികിത്സക്കുപയോഗിക്കുന്ന മിക്ക മരുന്നുകളും മുയലിൽ ഫലപ്രദമാകാറില്ല.

രോഗം വരാതെ സൂക്ഷിക്കലാണ് ഏറ്റവും നല്ലത്. ശാസ്ത്രീയമായ കൂടുകളും, പരിചരണ മുറകളും രക്താതിസാരത്തെ വലിയൊരളവു വരെ മുയലുകളിൽ നിന്നും മാറ്റി നിർത്തുന്നു. പുതിയതായി വാങ്ങിക്കൊണ്ടു വരുന്ന മുയലുകളെ പത്തുദിവസമെങ്കിലും പ്രത്യേകം പാർപ്പിച്ച് നിരീക്ഷിക്കുന്നത് ഈ രോഗം പ്രതിരോധിക്കാൻ നല്ല നടപടിയാണ്. രോഗബാധ സംശയിക്കുന്ന മുയലുകളുടെ കൂടുകളും ഭക്ഷണപാത്രങ്ങളും അണുനാശിനികൾ ഉപയോഗിച്ച് അണുവിമുക്തമാക്കിയതുനിശേഷം മാത്രമേ ഉപയോഗിക്കാവൂ. കൂടിന്റെ അടിവശത്തെ തട്ടുകൾ നന്നായി കഴുകി വെയിലത്ത് വെച്ച് ഉണക്കിയതിനുശേഷം മാത്രം വീണ്ടും ഉപയോഗിക്കുക. ലിറ്ററിലെ മുയലുകൾക്ക് അണുബാധ ഉണ്ടായാൽ മുഴുവൻ ലിറ്ററും മാറ്റി കൂടിന്റെ തറ അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കിയതിനുശേഷം പുതിയ ലിററർ വിരിക്കണം. രോഗബാധ സംശയിക്കുമ്പോൾ രോഗമില്ലാത്തതിനും പ്രതിരോധനടപടിയായി സൾഫാ മരുന്നുകൾ നൽകുന്നത് നല്ലതാണ്.

3. ത്വക്ക് രോഗങ്ങൾ

മുയലുകളിൽ കൂടുതലായി കണ്ടുവരുന്നവയാണ് ത്വക്ക് രോഗങ്ങൾ. പ്രധാനമായി രണ്ട് തരത്തിലുള്ള ചർമ്മ രോഗങ്ങളാണ് മുയലുകളിൽ കാണാറുള്ളത്. കുമിൾ മൂലമുള്ളവയും മണ്ഡരി മൂലമുള്ളവയും.കുമിൾ മൂലമുള്ള ചർമ്മരോഗങ്ങൾ ശരീരത്തിലേത് ഭാഗത്തും കാണാം. സാധാരണയായി രോഗം ബാധിച്ച മുയലുകളുടെ ശരീരത്തിൽ നിന്ന് വൃത്താകൃതിയിൽ രോമം കൊഴിഞ്ഞുപോകുന്നതായി കാണുന്നു. അതിനുശേഷം ഈ വൃത്താകൃതിയിലുള്ള ഭാഗത്ത് ചൊറിച്ചിലും അതിനു ചുററും വീണ്ടും രോമം പൊഴിയാനുള്ള സാധ്യതകളും ഉണ്ടാകുന്നു. മുയലുകൾ അസ്വസ്ഥത മൂലം കൈകൊണ്ട് മുറിവുകൾ ഉണ്ടാക്കുവാനും, ആ മുറിവുകളിൽ അണുബാധ മൂലം പഴുപ്പുണ്ടാകുവാനും സാധ്യതയുണ്ട്.

മറ്റു മൃഗങ്ങൾക്കുപയോഗിക്കുന്ന കുമിൾ നാശിനികൾ മുയലുകൾക്ക് ഫലപ്രദമാണ്. അത്തരം മരുന്നുകൾ സാധാരണയായി രോഗം ബാധിച്ച

സ്ഥലത്ത് പുരട്ടുക പതിവ്. കുമിൾ രോഗങ്ങൾ ശമിച്ചതിനുശേഷവും അത്തരം കുമിൾനാശിനികൾ കുറച്ചുദിവസം കൂടി പുരട്ടേണ്ടി വരും. വായിലൂടെ അകത്തേക്ക് കൊടുക്കുന്ന മരുന്നുകളും കുമിൾരോഗങ്ങൾക്കെതിരെ ഇപ്പോൾ ലഭ്യമാണ്.

മണ്ഡരിമൂലമുണ്ടാകുന്ന ചർമ്മരോഗങ്ങൾ മുയലുകളിൽ സാധാരണയായി കാണുന്നു. ഉറുമ്പിനേക്കാളും ചെറുതായ ഷഡ്പദവർഗ്ഗത്തിൽപ്പെട്ട ചെറുജീവികളാണ് മണ്ഡരികൾ. ഇവ മൂലം മുയലുകളുടെ മുഖത്തും, ശരീരത്തിന്റെ മറ്റുഭാഗങ്ങളിലും രോഗമുണ്ടാകുന്നു. പറ്റിപ്പിടിച്ചിരിക്കുന്ന പൊറ്റപോലെയുള്ള ഒരാവരണം മണ്ഡരി ബാധിച്ച മുയലുകളിൽ കാണുന്നു. മുയലിന്റെ ശരീരത്തിൽ നിന്നുമുള്ള സ്രവങ്ങളും മണ്ഡരിയും, അതുൽപ്പാദിപ്പിക്കുന്ന വസ്തുക്കളും കൂടിയുള്ളതാണ് ഈ പദാർത്ഥം. ഇതുമൂലം മുയലുകൾക്ക് വികൃതരൂപം കൈവരുന്നു. മൂക്കിനു ചുറ്റും, ചെവിയുടെ വശങ്ങളിലും അറ്റത്തും, കണ്ണിനുചുറ്റും ഈ പദാർത്ഥം കൂടുതലായി കാണാറുണ്ട്.

ഈ രോഗത്തിന് ഏറ്റവും ഫലപ്രദമായി കണ്ടിട്ടുള്ളത് കുത്തിവെയ്പുകളാണ്. കുത്തിവെയ്ക്കാനുള്ള മരുന്നിന് വില അൽപ്പം കൂടുതലാണെങ്കിലും അതിന്റെ ഫലം ഒരാഴ്ചക്കുള്ളിൽ തന്നെ ലഭിക്കുന്നു. രോഗബാധയുള്ള സ്ഥലങ്ങളിൽ പുരട്ടാനുള്ള ലേപന രൂപത്തിലുള്ള മരുന്നുകളും ലഭ്യമാണ്.

മറ്റൊരുതരം മണ്ഡരി രുപത്തിൽ പെട്ട ചെറുജീവികൾ ചെവിപ്പുണ്ണ് ഉണ്ടാക്കുന്നു. ഇവ മൂലം മുയലുകളുടെ ചെവിയിൽ പുണ്ണുണ്ടാകും. ചികിത്സ ഇഞ്ചക്ഷനും മറ്റു ലേപനങ്ങളുമാണ്. രോഗബാധയുള്ള മുയലുകൾ ചെവി കുടയുന്നതും എപ്പോഴും ചെവി മാന്തുന്നതും കാണാം.

### 4. മുയലുകളിലെ മറ്റു സാധാരണ രോഗങ്ങൾ

കാലിലും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലും ഉണ്ടാകുന്ന വ്രണങ്ങളും, വയറിളക്കവും മുയലുകളിൽ കാണുന്ന മറ്റ് അസുഖങ്ങളാണ്. വിദഗ്ധനായ ഒരു ഡോക്ടർക്ക് അവയെ ചികിത്സിക്കാൻ എളുപ്പമാണ്. ചൂടുകാലങ്ങളിൽ മുയലുകൾക്ക് സൂര്യാഘാതം അനുഭവപ്പെടാം. അതിനു പ്രതിവിധിയായി കൂടുകളിൽ എല്ലാ സമയത്തും തണുത്ത ശുദ്ധജലം ലഭ്യമാക്കുന്നത് നല്ലതായി കണ്ടിട്ടുണ്ട്.

പൊതുവെ പറഞ്ഞാൽ മുയലുകൾ ചെറിയ ജീവികളായതിനാൽ നീണ്ടുനിൽക്കുന്ന ഒരു ചികിത്സാക്രമം അവയ്ക്കനുയോജ്യമല്ല. അത്തരം അവസരങ്ങളിൽ ആ മുയലുകളെ ഉടൻതന്നെ ഒഴിവാക്കുന്നതാണ് സാമ്പത്തികമായി കർഷകനനുയോജ്യം.

❖❖❖



CENTRAL LIBRARY KERALA AGRICULTURAL UNIVERSITY THRISSUR
809149